# പ്രസിദ്ധീകരണത്തിന്

## കണ്ണൂർ സർവ്വകലാശാലക്ക് നാക് B++ ഗ്രേഡ്

നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) സൈക്കിൾ-2 റി -അക്രഡിറ്റേഷനിൽ കണ്ണൂർ സർവകലാശാലക്ക് B++ ഗ്രേഡ്. 26-10-2021 തിയ്യതി മുതൽക്കാണ് സർവകലാശാലക്ക് ഈ ഗ്രേഡ് ലഭിച്ചിരിക്കുന്നത്. തെലങ്കാനയിലെ ഡോ.ബി.ആർ.അംബേദ്കർ ഓപ്പൺ സർവകലാശാല വൈസ്-ചാൻസലർ പ്രൊഫ. സീതാരാമ റാവു കുസുംബയുടെ അധ്യക്ഷതയിലുള്ള ആറംഗ പിയർ ടീം ഒക്ടോബർ 7 മുതൽ 9 വരെ സർവകലാശാലയിൽ സന്ദർശനം നടത്തിയിരുന്നു. കഴിഞ്ഞ 5 വർഷത്തെ മെച്ചപ്പെട്ട പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് B ഗ്രേഡിൽ നിന്നും B++ ഗ്രേഡിലേക്ക് സർവകലാശാല എത്തിയത്.

**എം.എസ്.സി മോളിക്യൂലർ ബയോളജി - സീറ്റ് ഒഴിവ്.**

കണ്ണൂർ സർവ്വകലാശാലയുടെ നീലേശ്വരം പാലാത്തടം ഡോ.പി.കെ.രാജൻ മെമ്മോറിയൽ ക്യാമ്പസിലെ എം.എസ്.സി. മോളിക്യൂലർ ബയോളജി കോഴ്സിലേക്ക് പട്ടികജാതി (SC) വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള രണ്ടു സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ ഒക്ടോബർ 27 ബുധനാഴ്ച രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിപ്പാർട്ട്മെന്റിൽ ഹാജരാക്കേണ്ടതാണ്. ഫോൺ: 9663749475, 04672284256.

**ഓപ്പൺ ഡിഫൻസ് (തുറന്ന സംവാദം ) 15. 11. 2021 ന്**

കണ്ണൂർ സർവ്വകലാശാലയിൽ കന്നഡ ഭാഷയിൽ ഗവേഷണം നടത്തുന്ന രവിശങ്കര. ജി. കെ. എന്ന വിദ്യാർത്ഥി തൻ്റെ പി എച്ച്ഡി ബിരുദത്തിനായി സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിൻ മേലുള്ള തുറന്ന സംവാദം (ഓപ്പൺ ഡിഫൻസ്) 15. 11. 2021 തിങ്കളാഴ്ച രാവിലെ 11 മണിക്ക് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തുന്നതാണെന്ന് റിസർച്ച് ഡയറക്ടർ അറിയിച്ചു .

പ്രസ്തുത പ്രബന്ധം സെമിനാറിന് മൂന്നു ദിവസം മുൻപ് മുതൽ കാസറഗോഡ്

ഗവൺമെൻറ് കോളേജിലെ കന്നഡ വിഭാഗം ലൈബ്രറിയിൽ പരിശോധനയ്ക്ക് ലഭ്യമായിരിക്കും.

**ഓപ്പൺ ഡിഫൻസ് (തുറന്ന സംവാദം ) 15. 11. 2021 ന്**

കണ്ണൂർ സർവ്വകലാശാലയിൽ മലയാളഭാഷയിൽ ഗവേഷണം നടത്തുന്ന വനിഷവത്സൻ എന്ന വിദ്യാർത്ഥിനി തൻ്റെ പി എച്ച്ഡി ബിരുദത്തിനായി സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിൻ മേലുള്ള തുറന്ന സംവാദം (ഓപ്പൺ ഡിഫൻസ്) 15.11.2021 തിങ്കളാഴ്ച രാവിലെ 11 മണിക്ക് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തുന്നതാണെന്ന് റിസർച്ച് ഡയറക്ടർ അറിയിച്ചു.

പ്രസ്തുത പ്രബന്ധം സെമിനാറിന് മൂന്നു ദിവസം മുൻപ് മുതൽ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് മലയാള വിഭാഗം ലൈബ്രറിയിൽ പരിശോധനയ്ക്ക് ലഭ്യമായിരിക്കും.

**ഓപ്പൺ ഡിഫൻസ് (തുറന്ന സംവാദം ) 12.11.2021 ന്**

കണ്ണൂർ സർവ്വകലാശാലയിൽ മലയാള ഭാഷയിൽ ഗവേഷണം നടത്തുന്ന ശ്യാമള മാണിച്ചേരി എന്ന വിദ്യാർത്ഥിനി തൻ്റെ പി എച്ച്ഡി ബിരുദത്തിനായി സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിൻ മേലുള്ള തുറന്ന സംവാദം (ഓപ്പൺ ഡിഫൻസ്) 12. 11. 2021 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തുന്നതാണെന്ന് റിസർച്ച് ഡയറക്ടർ അറിയിച്ചു .

പ്രസ്തുത പ്രബന്ധം സെമിനാറിന് മൂന്നു ദിവസം മുൻപ് മുതൽ തലശ്ശേരി ഗവണ്മൻട് ബ്രണ്ണൻ കോളേജ് മലയാള വിഭാഗം ലൈബ്രറിയിൽ പരിശോധനയ്ക്ക് ലഭ്യമായിരിക്കും.

**ബി.എഡ് പ്രവേശനം**

2020-21 അധ്യയന വർഷത്തെ പ്രവേശനത്തിനായുള്ള ബി.എഡ് റാങ്ക് ലിസ്റ്റ് 27.10.2021 ന് പ്രസിദ്ധീകരിക്കുന്നതാണ്. പ്രവേശനം 28.10.2021 മുതൽ 02.11.2021 വരെ നടത്തുന്നതായിരിക്കും. പ്രവേശനത്തിന് അർഹരായ വിദ്യാർത്ഥികളെ കോളേജ് അധികാരികൾ ഫോൺ മുഖാന്തരം ബന്ധപ്പെടുന്നതായിരിക്കും. അർഹരായവർ പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.ഒന്നിലധികം കോളേജുകളിൽ സാധ്യതയുള്ള വിദ്യാർത്ഥികളാണെങ്കിൽ പ്രവേശനത്തിന് പ്രതിനിധികൾക്ക് പങ്കെടുക്കാവുന്നതും സീറ്റ് ലഭിക്കുകയാണെങ്കിൽ അപേക്ഷകർ തന്നെ പ്രവേശനത്തിന് നേരിട്ട് ഹാജരാകേണ്ടതുമാണ്.

## ബി എഡ് പ്രവേശനം : ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ അപേക്ഷിക്കാൻ അവസരം

ഗവ ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ അപേക്ഷിക്കാൻ താല്പര്യപെടുന്നവർ 27.10.2021 05:00 PM വരെ ഓൺലൈൻ ആയി അപേക്ഷിക്കേണ്ടതാണ്. ഇതിനായി താഴെപറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. വെബ്സൈറ്റ് : www. admission.kannuruniversity.ac.in ഹെല്പ് ലൈൻ നമ്പർ:0497 2715261,7356948230

## വിദൂര വിദ്യാഭ്യാസ പരീക്ഷാ സമയം

നവംബർ 1 ന് (01.11.2021) നടക്കുന്ന വിദൂര വിദ്യാഭ്യാസം **രണ്ടാം** വർഷ ബിരുദ (റഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്-2011 അഡ്മിഷൻ മുതൽ)**ഏപ്രിൽ 2021** പരീക്ഷയുടെ സമയം ഉച്ചയ്ക്ക് **2** മുതൽ വൈകുന്നേരം **5** മണിവരെയായി പുനഃക്രമീകരിച്ചു.

## പുനർമൂല്യനിർണയ ഫലം

**ആറാം** സെമസ്റ്റർ **ഏപ്രിൽ 2021** ബിരുദ പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്. മൂല്യനിർണയം പൂർത്തിയായ ഫലങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പൂർണഫലപ്രഖ്യാപനം മൂല്യനിർണയം പൂർത്തിയാകുന്ന മുറയ്ക്ക് നടത്തുന്നതാണ്. മാർക്ക്/ഗ്രേഡ് മാറ്റമുള്ള പക്ഷം വിദ്യാർത്ഥികൾ അവരുടെ മാർക്ക് ലിസ്റ്റും റിസൽട്ട് മെമ്മോയുടെ ഡൌൺലോഡ് ചെയ്ത പകർപ്പും സഹിതം മാർക്ക് ലിസ്റ്റ് പുതുക്കിലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.